# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:29.04.2025**

### പ്രധാനവാർത്തകൾ

1.) പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദി.

2.) ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായ ഇടപ്പള്ളി സ്വദേശി എൻ. രാമചന്ദ്രൻ്റെ വീട് കേന്ദ്രസഹമന്ത്രി എൽ മുരുഗൻ സന്ദർശിച്ചു.

3.) വ്യവസായ സൗഹൃദ സംരംഭങ്ങളിലൂടെ സ്റ്റാർട്ടപ്പുകളുടെ പറുദീസയായി കേരളം മാറിയതായി മുഖ്യ മന്ത്രി പിണറായി വിജയൻ.

4.) വന്യജീവി സംരക്ഷണ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട നിയമ പ്രശ്നങ്ങളെക്കുറിച്ച് വനം മന്ത്രി എ.കെ.ശശീന്ദ്രൻ അഡ്വക്കറ്റ് ജനറലുമായി ചർച്ച നടത്തി.

5.) വിഖ്യാത ചലച്ചിത്രകാരൻ ഷാജി എൻ കരുണിന് നാടിൻറെ അന്ത്യാഞ്ജലി. സംസ്കാര ചടങ്ങുകൾ തിരുവനന്തപുരത്ത് ഔദ്യോഗിക ബഹുമതികളോടെ നടന്നു

6.) ത്രിരാഷ്ട്ര ഏകദിന ക്രിക്കറ്റ് പരമ്പരയിൽ , ദക്ഷിണാഫ്രിക്കക്കെതിരെ ഇന്ത്യക്ക് 15 റൺസ് വിജയം. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

RNUTVPM

*****************************************

## പ്രധാനമന്ത്രി -രാജ്യ രക്ഷാ മന്ത്രി

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ, മൂന്ന് സേനാ വിഭാഗങ്ങളുടെയും മേധാവികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ന്യൂഡൽഹിയിലെ പ്രധാനമന്ത്രിയുടെ വസതിയിലാണ് യോഗം ചേർന്നത്. അതേസമയം ജമ്മു കശ്മീരിൽ, നിയന്ത്രണ രേഖയിലെ വിവിധയിടങ്ങളിൽ പാകിസ്ഥാൻ സൈന്യം ഇന്നലെയും വെടിവയ്പ്പ് തുടർന്നു. ഉചിതമായ മറുപടി ഇന്ത്യൻ സേന നൽകുന്നുണ്ട്. കുപ്വാര, ബാരാമുള്ള, അഖ്നൂർ മേഖലകളിലാണ് പാകിസ്ഥാൻ സൈനിക പോസ്റ്റുകളിൽ നിന്നും പ്രകോപനമില്ലാതെ വെടിവെയ്പ്പുണ്ടായത്.

******************************

## എൽ മുരുകൻ

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായ എൻ. രാമചന്ദ്രൻ്റെ വീട് സന്ദർശിച്ചു. കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ച അദ്ദേഹം കേന്ദ്ര സർക്കാരിൻ്റെ എല്ലാ പിന്തുണയും അറിയിച്ചു. കൊച്ചിയിൽ അംബേദ്കർ ജന്മദിനാഘോഷങ്ങളുടെ ഭാഗമായി ബിജെപി സംഘടിപ്പിച്ച ചടങ്ങും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു. ഡോ. ബി ആർ അംബേദ്കർ വിഭാവനം ചെയ്ത രീതിയിൽ, എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളിച്ച് രാജ്യത്ത് വികസനം നടപ്പാക്കിയത് ബിജെപി സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമാണെന്ന് അദ്ദേഹം പറഞ്ഞു.

******************************

PNU TVPM

## മുഖ്യമന്ത്രി (ഇൻട്രോ)

ആധുനിക വിജ്ഞാന ഉല്പാദനത്തിന്റെ കേന്ദ്രമായി കേരളം മാറുകയാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കോട്ടയത്ത് നടന്ന ജില്ലാതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ആദ്യ ഡിജിറ്റൽ യൂണിവേഴ്സിറ്റി , ഡിജിറ്റൽ സയൻസ് പാർക്ക്, വാട്ടർ മെട്രോ തുടങ്ങി മാതൃകാപരമായ ഒട്ടേറെ സംരംഭങ്ങൾക്ക് കേരളമാണ് തുടക്കം കുറിച്ചതെന്ന് അദ്ദേഹം പറഞ്ഞു . സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള

സർക്കാരിൻറെ സംരംഭങ്ങളിലൂടെ സ്റ്റാർട്ടപ്പുകളുടെ പറുദീസയായി കേരളം മാറിയെന്നും മുഖ്യ മന്ത്രി പറഞ്ഞു . (ഹോൾഡ് വോയിസ് )

*****************************************

## എസ്.എസ്.എൽ.സി

ഈ വർഷത്തെ എസ്.എസ്.എൽ.സി ഫലം മെയ് ഒമ്പതിന് പ്രഖ്യാപിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. 72 കേന്ദ്രീകൃത ക്യാമ്പുകളിലായി മൂല്യ നിർണ്ണയം നടത്തിയ ശേഷം മാർക്ക് എൻട്രി നടപടികൾ പൂർത്തീകരിച്ചതായി അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളത്തിൽ പറഞ്ഞു. നാല് ലക്ഷത്തി ഇരുപത്തി ഏഴായിരത്തോളം വിദ്യാർത്ഥികളാണ് ഇക്കുറി പരീക്ഷയെഴുതിയത്. വിദ്യാഭ്യാസ മേഖലയിലെ കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തെ അറിയിക്കുന്നതിനായി, മെയ് 2-ന് ഡൽഹിയിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാനുമായി കൂടിക്കാഴ്ച നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

*****************************************

RNU TVPM

## <u>വന്യജീവി സംരക്ഷണ നിയമ ഭേദഗതി</u>

1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ സംസ്ഥാനം ഭേദഗതി കൊണ്ടുവരുമ്പോൾ ഉണ്ടാകാവുന്ന നിയമ പ്രശ്നങ്ങൾ സംബന്ധിച്ച് അഡ്വക്കറ്റ് ജനറൽ കെ ഗോപാലകൃഷ്ണ കുറുപ്പുമായി വനം മന്ത്രി എ.കെ.ശശീന്ദ്രൻ ചർച്ച നടത്തി. വന്യജീവി ആക്രമണങ്ങൾക്കെതിരെ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിൽ നിലവിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാണ് സംസ്ഥാനം ഭേദഗതി ആവശ്യപ്പെടുന്നത്. സംസ്ഥാനം ഉദ്ദേശിക്കുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രാഥമിക കരട് ബില്ലും മന്ത്രി അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചു. ജനങ്ങളെ ഉപദ്രവിക്കുന്ന വന്യജീവികളെ ജില്ലാ കളക്ടറുടെയോ വനം ചീഫ് കൺസർവേറ്ററുടെയോ റിപ്പോർട്ട് പരിഗണിച്ച് എത്രയും വേഗം മയക്കുവെടിവെക്കാനോ ,കൊല്ലുന്നതിനോ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നല്കാൻ ഭേദഗതി നിർദ്ദേശിക്കുന്നു. കൂടാതെ വന്യജീവികളുടെ എണ്ണം, ജനനനിയന്ത്രണം, മറ്റ് സ്ഥലങ്ങളിലേക്ക്കൊണ്ടുപോകൽ തുടങ്ങിയവ ശാസ്ത്രീയ മാർഗങ്ങളിലൂടെ നിയന്ത്രിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരം നൽകാനും കരട് ബില്ലിൽ ഉദ്ദേശിക്കുന്നു.

******************************

## <u>വിഴിഞ്ഞം ഇനി മൂന്ന് നാൾ</u>

കേരളത്തിൻറെ സ്വപ്നകവാടമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കമ്മീഷനിങ് ചടങ്ങിന് ഇനി മൂന്ന് നാൾ മാത്രം. പ്രധാനമന്ത്രി നരേന്ദ്രമോദി മെയ് രണ്ടിനാണ് വിഴിഞ്ഞം തുറമുഖം രാഷ്ട്രത്തിന് സമർപ്പിക്കുക. പ്രൗഢഗംഭീരമായ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനുൾപ്പെടെയുള്ള പ്രമുഖർ പങ്കെടുക്കും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് പ്രദേശത്ത് കനത്ത സുരക്ഷയാണൊരുക്കുന്നത്.

******************************

RNU TVPM

## ഷാജി എൻ കരുൺ അന്ത്യാഞ്ജലി

ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ ഷാജി എൻ കരുണിന് സാംസ്കാരിക കേരളത്തിന്റെ അന്ത്യാഞ്ജലി. സംസ്കാര ചടങ്ങുകൾ തൈക്കാട് ശാന്തികവാടത്തിൽ ഔദ്യോഗിക ബഹുമതികളോടെ നടന്നു. വഴുതക്കാട് കലാഭവൻ തിയേറ്ററിൽ പൊതുദർശനത്തിനു വച്ച ഭൗതിക ശരീരത്തിൽ മന്ത്രിമാരുൾപ്പെടെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ പ്രമുഖർ അന്ത്യാഞ്ജലി അർപ്പിച്ചു. ക്യാൻസർ രോഗ ബാധിതനായി ദീർഘകാലമായി ചികിത്സയിലായിരുന്ന അദ്ദേഹം ഇന്നലെയാണ് തിരുവനന്തപുരത്തെ വസതിയിൽ അന്തരിച്ചത്.

*******************************************

## റാപ്പർ - പുലിപ്പല്ല്

പുലിപ്പല്ല് കൈവശം വെച്ച കേസിൽ റാപ്പർ വേടനെ രണ്ടു ദിവസത്തേക്ക് വനം വകുപ്പിൻ്റെ കസ്റ്റഡിയിൽ വിട്ടു .പെരുമ്പാവൂർ കോടതിയുടെതാണ് നടപടി. സുഹൃത്തായ ശ്രീലങ്കൻ സ്വദേശിയിൽ നിന്നാണ് പുലിപ്പല്ല് ലഭിച്ചതെന്നാണ് മൊഴി. എറണാകുളത്തെ ഫ്ലാറ്റിൽ എത്തിച്ചുള്ള തെളിവെടുപ്പും ഇന്ന് നടന്നു .

*******************************************

## ബസ്സും കൂട്ടിയിടിച്ച് അപകടം

വയനാട് കാട്ടിക്കുളം 54 ൽ കർണാടക ട്രാൻസ്പോർട്ട് ബസ്സും, ടൂറിസ്റ്റ് ബസ്സും കൂട്ടിയിടിച്ച് അപകടം. നിരവധി പേർക്ക് പരിക്കേറ്റു . ബസ്സിനുള്ളിൽ കുടുങ്ങിയവരെ അഗ്നിരക്ഷാ സേന എത്തിയാണ് പുറത്തെത്തിക്കുന്നത്.

*******************************************

## ചട്ടമ്പിസ്വാമി - മഹാസമാധി കൊല്ലം

സാമൂഹിക പരിഷ്കർത്താവ് ചട്ടമ്പിസ്വാമികളുടെ 101-ാമത് മഹാസമാധി വാർഷിക സമ്മേളനം ചവറ പന്മന ആശ്രമത്തിൽ നടന്നു. മഹാമണ്ഡലേശ്വർ ശ്രീമദ് ആനന്ദവനം ഭാരതി സ്വാമികൾ

RJU TVPM

മഹാസമാധി സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്വാമി പ്രജ്ഞാനന്ദ തീർത്ഥപാദർ ചടങ്ങിന് അധ്യക്ഷത വഹിച്ചു.

*******************************

## സൂമ്പ -ഡാൻസ്

സ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷം മുതൽ സൂംമ്പാ ഡാൻസ് പരിശീലനം നൽകുന്നതിൻ്റെ ഔദ്യോഗിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. 15 സ്കൂളുകളിൽ നിന്നായി ആയിരത്തിയഞ്ഞൂറോളം വിദ്യാർഥികൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സൂംമ്പാ അവതരിപ്പിക്കും.സംസ്ഥാന സർക്കാരിൻ്റെ ലഹരിവിരുദ്ധ ക്യാമ്പയിനിൻ്റെ ഭാഗമായാണ് പദ്ധതി.

*******************************

## ഭാഷ നൈപുണ്യ വികസന പദ്ധതി ഇടുക്കി (ഇൻട്രോ)

ഗോത്രവർഗ്ഗ യുവതയ്ക്കായുള്ള ഭാഷ നൈപുണ്യ വികസന പദ്ധതി- കമ്മ്യൂണിക്കോറിന് ഇടുക്കി മറയൂരിൽ തുടക്കമായി. ട്രൈബൽ സ്പെഷ്യൽ പ്രോജക്ടുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെയും യുവജങ്ങളുടെയും ഭാഷാ നൈപുണ്യം വികസിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..**
**(ഹോൾഡ്)**

*******************************

## യുജിസി NET-

യുജിസി NET പരീക്ഷക്ക് മേയ് 7 വരെ ഓൺലൈനായി അപേക്ഷിക്കാം. UGCNET.NTA .AC.IN എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ജൂൺ 21 മുതൽ 30 വരെ നടക്കുന്ന പരീക്ഷയ്ക്ക് കേരളത്തിലെ എല്ലാ ജില്ലകളിലും പരീക്ഷാ കേന്ദ്രങ്ങൾ ഉണ്ട്.

*******************************

RNUTVPM

## വനിതാ ക്രിക്കറ്റ്

ശ്രീലങ്കയിൽ നടക്കുന്ന വനിതാ ത്രിരാഷ്ട്ര ഏകദിന ക്രിക്കറ്റ് പരമ്പരയിൽ , ദക്ഷിണാഫ്രിക്കക്കെതിരെ ഇന്ത്യക്ക് 15 റൺസ് വിജയം. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഇന്ത്യ നിശ്ചിത ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 276 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ദക്ഷിണാഫ്രിക്ക, 49.2 ഓവറിൽ 261 റൺസിന് പുറത്താവുകയായിരുന്നു.

*******************************

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹിയിലാണ് മത്സരം.

*******************************

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 70 പോയിന്റ് ഉയർന്ന് 80,288ലും, നിഫ്റ്റി 7 പോയിന്റ് വർദ്ധിച്ച് 24,336 ലും വ്യാപാരം അവസാനിപ്പിച്ചു . സ്വർണവില ഉയർന്നു . പവന് 320 രൂപ വർദ്ധിച്ച് 71,840 രൂപയും, ഗ്രാമിന് 8,980 രൂപയുമാണ് ഇന്നത്തെ വില

RNU TVPM

*******************************

## വീണാ ജോർജ്

സംസ്ഥാനത്ത് അടുത്തമാസം മഴക്കാലപൂർവ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തുമെന്ന് മന്ത്രി വീണാ ജോർജ്. ഓപ്പറേഷൻ ലൈഫിന്റെ ഭാഗമായാണ് മേയ് 2 മുതൽ ഒരു മാസക്കാലം പരിശോധനകൾ നടക്കുക . തട്ടുകട മുതൽ ചെക്ക് പോസ്റ്റുകൾ വരെ വിപുലമായ പരിശോധനകളാണ് നടത്തുക.

*******************************

## മൊബൈൽ വെറ്റർനറി യൂണിറ്റ്

മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ വെറ്റർനറി, സർജറി യൂണിറ്റുകളുടെ ഫ്ലാഗ് ഓഫ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും . രാവിലെ തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലാണ് ഫ്ലാഗ് ഓഫ് നടക്കുക .

കർഷകർക്ക് വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

*******************************

## കാനഡ- നരേന്ദ്ര മോദി

കാനഡ തിരഞ്ഞെടുപ്പിൽ ഭരണത്തുടർച്ചയുമായി ലിബറൽ പാർട്ടി. മാർക്ക് കാർണി പ്രധാനമന്ത്രി സ്ഥാനത്ത് തുടരും. 168 സീറ്റുകളോടെയാണ് ലിബറലുകൾ ഭരണം നിലനിർത്തിയത്. ഭൂരിപക്ഷത്തിന് 172 സീറ്റ് വേണമെന്നതിനാൽ ചെറു പാർട്ടികളുടെ പിന്തുണയോടെയാവും സർക്കാർ രൂപീകരിക്കുക. തിരഞ്ഞെടുപ്പ് വിജയത്തിൽ മാർക്ക് കാർണിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.

*********************************************************************************************

***********

RNU TVPM